പീച്ചി ജലനികുതി.

* 183. [75] ശ്രീ. ജോസഫ് മുണ്ടശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി ജലനികുതി ചുമത്തുന്നതു് എന്തു് അടിസ്ഥാനത്തിലാണെന്നു പറയാമോ;

(ബി) കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി ചുമത്തിയിട്ടുള്ളതും, ബഹു ഭൂരിഭാഗം കൃഷിക്കാർ അടച്ചിട്ടില്ലാത്തതുമായ പീച്ചി ജലനികുതി ഉൽപ്പന്നങ്ങളുടെ വിലയിടിവിനെയും മറ്റും പരിഗണിച്ചു് ഇളവുചെയ്തു കിട്ടുവാൻ ഗവണ്മെൻറിലേയ്ക്കു നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അക്കാര്യത്തിൽ എന്തു നടപടി എടുത്തു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 9-2-54-ലെ P. W. M. 3-1470|52|P. W. C. നമ്പർ ഗവണ്മെൻറ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ.

(ബി) ഉണ്ടു്.

(സി) ഏക്കർ ഒന്നിനു് 6 രൂപ നിരക്കിൽ വെള്ളക്കരം ചുമത്തുന്നതിനാണു മുൻപു് തീരുമാനിച്ചിരുന്നതു്. അതിന്മേലുള്ള പരാതികളുടെ അടിസ്ഥാനത്തിൽ പിരിവു നിറുത്തി വയ്ക്കുകയും, നികുതിനിരക്കു് പുനഃപരിശോധന ചെയ്യുകയും ചെയ്തു. അതനുസരിച്ചു് ഒരുപ്പു നിലങ്ങൾക്കു് ഏക്കർ ഒന്നിനു 5 രൂപ നിരക്കായി കുറവുചെയ്തു് കണ്ഫർമ്മ് ചെയ്തിയിട്ടുണ്ടു്.

ജൂഡിഷ്യറി-എക്സിക്യൂട്ടീവ് വിഭജനത്തെ തുടർന്നുള്ള മാറ്റങ്ങൾ.

* 184. [76] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂഡിഷ്യറി-എക്സിക്യൂട്ടീവ് വിഭജനത്തെ തുടർന്നു റവന്യൂ ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫിനെ മജിസ്ട്രേട്ടുകോടതികളിലേയ്ക്കു് മാറ്റി നിയമിച്ചതു് എന്തടിസ്ഥാനത്തിലാണു്;

(ബി) സീനിയോറിറ്റി അവഗണിച്ചുകൊണ്ടു കൊല്ലം ഡിസ്ട്രിക്ട് കളക്ടർ മാറ്റം നടത്തിയിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാറ്റം നടത്തിയതിലുള്ള ക്രമക്കേടുകൾ കാണിച്ചുകൊണ്ടു് റവന്യൂഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പരാതി ബോധിപ്പിച്ചതു ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുവാൻ കൊല്ലം ഡിസ്ട്രിക്ട് കളക്ടർ വിസമ്മതിച്ചിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവണ്മെൻറിലേയ്ക്കു് അയയ്ക്കുവാൻ ഉദ്യോഗസ്ഥന്മാർ നൽകുന്ന പരാതികൾ ഗവണ്മെൻറിലേയ്ക്കു് അയയ്ക്കരുതെന്നു ഡിസ്ട്രിക്ട് കളക്ടർക്കു ഗവണ്മെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(മുഖ്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) വിഭജനം മൂലം ആഫീസുകളുടെ എണ്ണം വർദ്ധിപ്പിച്ചതുകൊണ്ടു് കൂടുതൽ സ്റ്റാഫിനെ

LIBRARY ARCHIVES Kerala Legislative Assembly

മജിസ്ട്രേട്ടുകോടതികളിൽ നിയമിക്കേണ്ടിവന്നു. മജിസ്ട്രേട്ടുകോടതികളിൽ ജോലി ചെയ്ത പരിചയം ഉണ്ടായിരുന്നവർക്ക് മുൻഗണന നൽകിയാണ് ഈ നിയമനം നടത്തിയിട്ടുള്ളതു്.

(ബി) ഇല്ല.

(സി) ഒരു അപേക്ഷ ഗവണ്മെൻറ് ലേയ്ക്കു് അയയ്ക്കേണ്ടതില്ല എന്നു കളക്ടർ തീരുമാനിച്ചിട്ടുണ്ടു്.

(ഡി) ഇല്ല.

റോഡുനിർമ്മാണം.

* 185. [77] ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുനിർമ്മാണത്തിനായി വിഭജിക്കാതെ ഇനി എതെങ്കിലും തുക നീക്കിവച്ചിരുപ്പുണ്ടോ;

(ബി) ഉൾനാടൻ ഗ്രാമങ്ങളിലെ റോഡാവശ്യം പരിഗണിച്ചു് അടിയന്തിരപ്രാധാന്യമുള്ള പ്രദേശങ്ങൾക്കു മുൻഗണന കൊടുക്കുമോ;

(സി) കണ്ണാടിക്കടവു പഞ്ചായത്തിൽനിന്നു കണ്ണാടിക്കടവു–മുഹമ്മ റോഡു്, ഒന്നാംമൈലിൽനിന്നു വടക്കോട്ടു് ഒരു റോഡു് ആവശ്യപ്പെട്ടിട്ടു് എന്തു തീരുമാനമെടുത്തു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ) :

(എ) തന്നാണ്ടിലെ ബഡ്ജറ്റിൽ വിഭജിക്കാതെ യാതൊരു തുകയും നീക്കിയിരിപ്പില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) റോഡുപണിക്കാവശ്യമുള്ള സ്ഥലം സൌജന്യമായി കിട്ടുകയും മൺവേല പഞ്ചായത്തിൽനിന്നും പൂർത്തിയാക്കുകയും ചെയ്തതിനു ശേഷം റോഡു് ഏറ്റെടുക്കുന്നതിനെപ്പറ്റി സബ്ഡിവിഷൻ കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചു് നടപടികൾ എടുക്കുന്നതാണു്.

പബ്ലിക്കു് ശ്മശാനത്തിനു ചേരുമുള്ള സ്ഥലങ്ങൾ.

* 186. (78) ശ്രീമതി കെ. ആർ. ഗൌരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്കു് ശ്മശാനത്തിനു ചേരുമുള്ള സ്ഥലങ്ങൾ വേറെ എന്തെങ്കിലും സ്ഥാപനങ്ങൾക്കു പതിച്ചുകൊടുക്കുക ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചേർത്തല മുനിസിപ്പൽ ശ്മശാനത്തിനു ചേരുമുള്ള സ്ഥലം ഏതെങ്കിലും സ്ഥാപനത്തിനു പതിച്ചുകൊടുക്കുകയോ, കുത്തകപ്പാട്ടത്തിനു കൊടുക്കുകയോ, ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു കാൻസൽ ചെയ്തു കിട്ടണമെന്നു ചേർത്തല മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവണ്മെൻറ് അതിന്മേൽ എന്തു തീരുമാനമെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly